(ബി) നിയമപരമായ ബാദ്ധ്യതകൾ നിറവേറ്റുന്ന എല്ലാ സ്ഥാപനങ്ങൾക്കും യഥാസമയം ലൈസൻസുകൾ പുതുക്കി നൽകുന്നുണ്ട്. 2005-2006-ൽ 57 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) കേരളത്തിൽ ആകെ 1131 ആയുർവേദ, സിദ്ധ, യുനാനി ഔഷധ നിർമ്മാണ സ്ഥാപനങ്ങൾ നിലവിലുണ്ട്. അതിൽ 293 എണ്ണത്തിന് ജി.എം.പി. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

ആയുർവേദത്തിനായി കേന്ദ്ര സർക്കാർ പദ്ധതികൾ

71 [1781] *ശ്രീ. ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിനായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ;

(ബി) ഇക്കാര്യത്തിനായി കഴിഞ്ഞവർഷം അനുവദിച്ച ഫണ്ട് മുഴുവനും വിനിയോഗിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരമാവധി വിനിയോഗിച്ചിട്ടുണ്ട്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്

72 [1800] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പുലയനാർ കോട്ടയിൽ പ്രവർത്തിച്ചുവരുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനത്തിന് ഇതേവരെ കേന്ദ്രത്തിൽ നിന്നും മറ്റ് ഏജൻസികളിൽനിന്നും എന്ത് തുക ലഭ്യമായിട്ടുണ്ട്;

(സി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് കേന്ദ്ര ധനസഹായമോ ലോകാരോഗ്യ സംഘടനയുടെ സഹായമോ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡയബറ്റീസ് സംബന്ധിച്ച് ചികിത്സ, രോഗപ്രതിരോധം, അവബോധനം, ജീവിതചര്യ നിയന്ത്രണം തുടങ്ങിയ എല്ലാ വിഭാഗങ്ങളിലും ഗവേഷണം നടത്തുക, ചികിത്സകരായ ഡോക്ടർമാർക്കും ബന്ധപ്പെട്ടവർക്കും പ്രത്യേക പരിശീലനം

LIBRARY ARCHIVES Kerala Legislative Assembly

നൽകുക തുടങ്ങിയവയാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിൽ പ്രമേഹ രോഗത്തെ സംബന്ധിച്ചുള്ള വിവിധതരത്തിലുള്ള പ്രതിരോധ ചികിത്സാ പരിപാടികളും ഗവേഷണ പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. വിവിധതരത്തിലുള്ള ബോധവൽക്കരണ പരിപാടികൾക്കു പുറമേ തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറി പരിസരത്തുള്ള സിറ്റി സെന്ററിൽ പ്രമേഹരോഗികളുടെ പരിശോധന, വിവിധ ലബോറട്ടറി പരിശോധനകൾ എന്നിവ നടന്നുവരുന്നു. അടുത്ത കാലത്തായി പ്രമേഹ പ്രതിരോധ ക്ലിനിക് ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ഡയറ്റ് കൗൺസിലിംഗ് തുടങ്ങിയ സേവനങ്ങളും നേത്ര പരിശോധനയും നടത്തിവരുന്നു. അസ്ഥി, പേശി സംബന്ധമായ ക്ലിനിക്, നെഫ്രോളജി ക്ലിനിക് എന്നിവ ഉടൻ ആരംഭിക്കുന്നുണ്ട്. ഇതു കൂടാതെ വിവിധ ബോധവൽക്കരണ പരിപാടികളും നടന്നു വരുന്നു. യൂറോപ്യൻ കമ്മീഷന്റെ സെക്ടർ ഇൻവെസ്റ്റ്മെന്റ് പദ്ധതിയുടെ ഭാഗമായി 'ഗർഭകാലത്തുള്ള പ്രമേഹ' രോഗത്തെക്കുറിച്ചുള്ള വിശദമായ ഒരു പഠന നിർദ്ദേശം സമർപ്പിക്കുകയും അത് അംഗീകരിക്കപ്പെടുകയും ഉണ്ടായിട്ടുണ്ട്. ഇതേ പദ്ധതിയിൻ കീഴിൽ ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും ആവിഷ്ക്കരിച്ചു വരുന്നു.

(ബി) കേന്ദ്രസഹായം ലഭിക്കുന്നതിനായി ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക സഹായം അഭ്യർത്ഥിച്ച്, ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തും അയച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ 18.33 ഏക്കർ സ്ഥലം സൗജന്യമായി നൽകിയതിനുപുറമേ സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ ഗ്രാന്റായി ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യമാക്കിയിട്ടുണ്ട്. വേൾഡ്-ഇന്ത്യാ ഡയബറ്റീസ് ഫൗണ്ടേഷൻ 46.89 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യമാക്കിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

സസ്പെൻഷനിലുള്ള വില്ലേജ് ഓഫീസർമാരും തഹസീൽദാർമാരും

73 [1802] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ സസ്പെൻഷനിലുള്ള വില്ലേജ് ഓഫീസർമാരും തഹസീൽദാർമാരും എത്രയുണ്ട്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥന്മാരിൽ എത്രപേരെ സർവ്വീസിൽ തിരിച്ചെടുത്തു?

LIBRARY ARCHIVES Kerala Legislative Assembly